പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 241 — 12.3.2010 ൽ മറുപടിയ്ക്ക്

## ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീമതി. ജെ. അരുന്ധതി :<br>ശ്രീ. സി.കെ. സദാശിവൻ :<br>ശ്രീ. വി.എൻ. വാസവൻ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) നെല്ലുൽപ്പാദന വർദ്ധനവ് മുൻനിർത്തി ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി 25 ലേറെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) നെൽകൃഷി മേഖലയുടെ വികസനത്തിനായി എത്ര കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) 207 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. തരിശുനിലകൃഷി, കരകൃഷി, ഒരുപൂ ഇരുപ്പൂവാക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഒരു തരിശുരഹിത കേരളം എന്നതാണ് ലക്ഷ്യം. ഇതുവരെ കൃഷി വകുപ്പിന്റെ കണക്കു പ്രകാരം 30,000 ഹെക്ടർ തരിശു നിലത്തിൽ കൃഷിയിറക്കിയിട്ടുണ്ട്. 1000 ഹെക്ടർ സ്ഥലത്ത് കരകൃഷി ചെയ്യുന്നുണ്ട്. 2000-ത്തിലേറെ ഒരുപൂ നിലങ്ങൾ ഇരുപൂ നിലങ്ങളാക്കിയിട്ടുണ്ട്. സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്കൂൾ വളപ്പിലും സ്കൂളിനോട് ചേർന്നുകിടക്കുന്ന ചില നെൽവയലു |

കളിലും കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി നെൽകൃഷി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ഡി) ഈ വർഷം തരിശുനില നെൽകൃഷി വികസനത്തിനായി 4.284 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയതിനുശേഷം കാർഷിക മേഖലയിൽ എന്തു മാത്രം ഉൽപ്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

(ഇ) കഴിഞ്ഞ 20 വർഷങ്ങൾക്കുശേഷം നെൽകൃഷിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉൽപ്പാദന വർദ്ധനവും ഉണ്ടായിട്ടുണ്ട്. പാടശേഖരങ്ങളുടെ കൃഷിഭവൻ തലത്തിലുള്ള കണക്കുകൾ പ്രകാരം ഉദ്ദേശം 30,000 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ചെയ്യുന്നുണ്ട്. ഉൽപ്പാദനത്തിൽ ഏകദേശം 61753 ടൺ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയതുവഴി മാത്രം ഉണ്ടായിട്ടുള്ള ഉൽപ്പാദന വർദ്ധന കണക്കുകൾ ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

- - - - - - -

## പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.242 12.03.2010-ൽ മറുപടിക്ക്

### കെ.എസ്.ടി.പി രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബാബു പോൾ :<br>ശ്രീമതി. ഇ.എസ്.ബിജി മോൾ :<br>ശ്രീ.രാജാജി മാത്യു തോമസ് :<br>ശ്രീ.പള്ളിപ്രം ബാലൻ : | | ശ്രീ.പി.ജെ.ജോസഫ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) | കെ.എസ്.ടി.പി രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ പുരോഗതി എവിടം വരെയായി എന്ന് വിശദമാക്കാമോ ; | (എ) | കെ.എസ്.ടി.പി ഫെയ്സ്-II പദ്ധതിയുടെ സ്ഥലമെടുപ്പ് പണികൾ 88% പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നിർമ്മാണപ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| (ബി) | എത്ര കോടി രൂപയുടെ നിർമ്മാണമാണ് രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത് ; | (ബി) | 1356 കോടി രൂപയുടെ നിർമ്മാണമാണ് രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | ഇതിനാവശ്യമായ വായ്പ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (സി) | ഇന്ത്യയ്ക്ക് അകത്തോ പുറത്തോ ഉള്ള ധനകാര്യ സ്ഥാപനങ്ങളെ സമീപിച്ച് വായ്പ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | രണ്ടാം ഘട്ട പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) | ആവശ്യമായ വായ്പ തുക ലഭ്യമാകുകയും, പണം അനുവദിയ്ക്കുകയും ചെയ്യുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം-243** 12-3-2010 ൽ മറുപടിയ്ക്ക്.

*കേന്ദ്ര സർവ്വകലാശാല*

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ. ബി. ബാബുപ്രസാദ് :** | | ശ്രീ. എം.എ. ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) **നിർദ്ദിഷ്ട കേന്ദ്ര സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ ;** | (എ) (ബി) & (സി) | സംസ്ഥാനത്തിനനുവദിച്ച കേന്ദ്ര സർവ്വകലാശാല കാസർഗോഡ് ജില്ലയിൽ സ്ഥാപിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ നിർദ്ദേശിച്ച മൂന്നു സ്ഥലങ്ങൾ കേന്ദ്രസംഘം പരിശോധിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലങ്ങൾ കേന്ദ്ര സർവ്വകലാശാല സ്ഥാപിക്കുന്നതിന് അനുയോജ്യമല്ലെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്. |
| (ബി) **ഏതെങ്കിലും ജില്ലയിൽ പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;** | | ഇതുമായി ബന്ധപ്പെട്ട് തുടർ ചർച്ചകളുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ മൂന്നു സ്ഥലങ്ങളുടെ നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ അന്തിമ തീരുമാനമെടുക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) **കേന്ദ്ര സർവ്വകലാശാലയുടെ പ്രവർത്തനം തുടങ്ങുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?** | | കാസർഗോഡുള്ള താത്ക്കാലിക സംവിധാനത്തിൽ കേന്ദ്ര സർവ്വകലാശാല 2009 ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 244 — 12/03/2010-ൽ മറുപടിക്ക്

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. വി. എസ്. സുനിൽ കുമാർ : | ശ്രീ. എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. 14നും 18നും ഇടയിൽ പ്രായമുള്ള എല്ലാവർക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പുതിയ വിദ്യാഭ്യാസ പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ. ഇപ്പോൾ IX, X ക്ലാസുകൾക്കായി നടത്തുന്ന ഈ പദ്ധതി വരും വർഷങ്ങളിൽ XI,XII ക്ലാസുകളിലേക്കു കൂടി വ്യാപിപ്പിക്കുന്നതാണ്.<br><br>ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. എല്ലാ സെക്കന്ററി സ്കൂളുകൾക്കും ആവശ്യമായ അളവിൽ ഭൗതിക സൗകര്യങ്ങൾ, അധ്യാപക-അനധ്യാപകർ, മറ്റ് വിഭവങ്ങൾ എന്നിവ ഉറപ്പാക്കുക.<br>2. അർഹരായ എല്ലാവർക്കും സെക്കന്ററി വിദ്യാഭ്യാസത്തിനുള്ള സ്കൂൾ ലഭ്യത മെച്ചപ്പെടുത്തുക<br>3. ലിംഗപരം, സാമൂഹ്യ-സാമ്പത്തികം, വൈകല്യങ്ങൾ, മറ്റ് തടസ്സങ്ങൾ എന്നീ കാരണങ്ങൾ കൊണ്ട് സെക്കന്ററി വിദ്യാഭ്യാസം ഒരു കുട്ടിക്കും നിഷേധിക്കുന്നില്ലെന്നുറപ്പാക്കുക.<br>4. മികവുറ്റ ബൗദ്ധികവും സാമൂഹ്യവും സാംസ്കാരികവുമായ പഠനം നടക്കുവാൻ വേണ്ടി സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക.<br>5. സെക്കന്ററി വിദ്യാഭ്യാസം നേടുന്ന എല്ലാ വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുക.<br>6. പൊതു വിദ്യാലയങ്ങളെ ശക്തിപ്പെടുത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ ഉറപ്പാക്കുക. |

→

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതിക്കായി എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്; മറ്റ് സംസ്ഥാനങ്ങൾക്ക് അനുവദിച്ച ഫണ്ടുമായി താരതമ്യം ചെയ്യുമ്പോൾ ആയത് കൂടുതലോ, കുറവോ എന്ന് വെളിപ്പെടുത്തുമോ; | ബി) യും സി) യും | പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാരിന് 60 സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്താൻ സ്കൂളൊന്നിന് 58.12 ലക്ഷം രൂപയും, സർക്കാർ/ പഞ്ചായത്ത് ഹൈസ്കൂളുകൾക്ക് വാർഷിക ഗ്രാന്റായി 40,000 രൂപ വീതവും, ചെറിയ അറ്റകുറ്റ പണികൾക്കായി 25,000 രൂപ വീതവും, അധ്യാപക പരിശീലനത്തിനായി സർക്കാർ/ എയ്ഡഡ് ഹൈസ്കൂളുകളിലെ ഓരോ അദ്ധ്യാപകനും 1000 രൂപ വീതവും കേന്ദ്ര സർക്കാർ 2009-10 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.<br>മറ്റ് സംസ്ഥാനങ്ങൾക്ക് അനുവദിച്ച ഫണ്ടുമായി താരതമ്യം നടത്തിയിട്ടില്ല. എന്നാൽ ഇത്തരം സ്കീമുകളിൽ കേരളത്തിനു ലഭിക്കുന്ന തുക വളരെ തുച്ഛമാണ്. എസ്.എസ്.എ. സ്കീമിനെക്കുറിച്ചു നടത്തിയ പഠനം കാണിക്കുന്നത് ജനസംഖ്യാനുപാതമായി കേരളത്തിനു ലഭിക്കേണ്ടതിന്റെ 1/7 ഭാഗം ഫണ്ട് മാത്രമേ കേരളത്തിനു ലഭിക്കുന്നുള്ളൂ എന്നാണ്. സംസ്ഥാനങ്ങളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാത്രം കണക്കിലെടുത്തു ഫണ്ടനുവദിക്കുന്നതാണിതിനു കാരണം. കേരളം അതിന്റെ GDP യുടെ ആറുശതമാനത്തോളം വിദ്യാഭ്യാസത്തിനു ചിലവാക്കുമ്പോൾ രണ്ടു ശതമാനം മാത്രം ചിലവാക്കുന്ന സംസ്ഥാനങ്ങൾക്ക് വിദ്യാഭ്യാസ വികസനത്തിന് അതുമൂലമുണ്ടാവുന്ന കുറവു നികത്താൻ കേന്ദ്ര സർക്കാർ ധനസഹായം നല്കുകയും കേരളം വിദ്യാഭ്യാസത്തിനു തുക വകയിരുത്തുന്നതിനാൽ സഹായം അനുവദിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ്. |
| സി) | കുറവാണെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 245 — 12-03-2010- ൽ മറുപടിയ്ക്ക്

## കൃഷിക്കാർക്കു നൽകുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമനിക് പ്രസന്റേഷൻ :<br>ശ്രീ. കെ. ബാബു :<br>ശ്രീ. കെ. അച്ചുതൻ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) കൃഷി വകുപ്പിൽ നിന്ന് കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത് ;

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പ്രധാന ആനുകൂല്യങ്ങൾ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന കർഷകർക്ക് ലഭ്യമാക്കുന്നു.

1) വിത്ത്, വളം, കീടനാശിനി തുടങ്ങിയ ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യങ്ങൾ.
2) ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കിണർ, പമ്പുസെറ്റ്, കുളം എന്നിവയ്ക്കുള്ള ധനസഹായം.
3) സൗജന്യ വൈദ്യുതി.
4) കൃഷിയിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ആനുകൂല്യങ്ങൾ.
5) കാർഷിക യന്ത്ര വത്കരണം പ്രോത്സഹിപ്പിക്കുന്നതിനുള്ള ധനസഹായം.
6) ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രദർശന ത്തോട്ടങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ആനുകൂല്യങ്ങൾ.

(ബി) കൃഷി വകുപ്പു നൽകി വരുന്ന ആനുകൂല്യങ്ങളെപ്പറ്റി കർഷകർക്ക് ഏതെല്ലാം വിധത്തിലാണ് അറിവുനൽകുന്നത് ;

(ബി) പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന 'കൃഷി ഭവൻ ' മുഖേന വാർഡ് തലത്തിൽ രൂപീകരിച്ചിട്ടുള്ള ' അഗ്രോ ക്ലിനിക്കി ' ൽ കൂടിയാണ് കർഷകർ ആനുകൂല്യങ്ങളെകുറിച്ചു മനസിലാക്കുന്നത്. ഇതിനു പുറമെ കർഷക അദാലത്ത്, കർഷക സംഗമങ്ങൾ, കാർഷിക വികസന സമിതി, വിവിധ പദ്ധതികളുടെ ഭാഗമായി സംഘടിപ്പിക്കുന്ന പരിശീലനങ്ങൾ, സെമിനാറുകൾ കർഷക ദിനാചരണങ്ങൾ, മൊബൈൽ അഗ്രോ ക്ലിനിക്കുകൾ, മണ്ണു പരിശോധനാ ലാബുകൾ എന്നിവ വഴിയും കൂടാതെ ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണമായ 'കേരള കർഷകൻ', ദിനപത്രങ്ങളിൽ നൽകുന്ന പദ്ധതി പരസ്യങ്ങൾ, ലഘുലേഖകൾ, റേഡിയോ ചർച്ചകൾ, കിസാൻ കൃഷി ദീപം പരിപാടി എന്നിവയുമാണ് മറ്റു പ്രചരണ മാർഗ്ഗങ്ങൾ.

| | | | |
|---|---|---|---|
| സി) | അതിന് എന്തു സംവിധാനമാണ് കൃഷി വകുപ്പിലുള്ളതെന്ന് പറയുമോ ; | (സി) | കൃഷി ഓഫീസറുടെ നേതൃത്വത്തിൽ പഞ്ചായത്തുകൾ തോറും സ്ഥാപിച്ചിട്ടുള്ള 'കൃഷിഭവനു' കൾ മുഖേനയാണ് എല്ലാ കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഇപ്പോൾ നടത്തി വരുന്നത്. |
| ഡി) | കൃഷി വകുപ്പ് കണ്ടെത്തുന്ന നൂതന കൃഷി രീതികൾ, വിത്തു വർഗ്ഗങ്ങൾ മുതലായവയെപ്പറ്റി കർഷകർക്ക് യഥാകാലം വിവരം നൽകുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ടോ ; | (ഡി) | ഉണ്ട്. |
| ഇ) | എങ്കിൽ എപ്രകാരമെന്നു വിശദീകരിക്കുമോ ? | (ഇ) | കൃഷി വകുപ്പ് നടപ്പിലാക്കുന്ന നൂതന വിജ്ഞാന വ്യാപന പദ്ധതിയായ 'ആത്മ' യിൽക്കൂടി താഴെ പറയുന്ന പ്രവർത്തനങ്ങൾ വഴി കർഷകർക്ക് നൂതന കൃഷി രീതിയിൽ ബോധവൽക്കരണവും പരിശീലനവും നൽകി വരുന്നു.<br>1) വിള പ്രദർശന തോട്ട നിർമ്മാണം<br>2) പഠന യാത്രകൾ<br>3) അഗ്രോ ക്ലിനിക്കുകൾ<br>4) ഫ്രണ്ട് ലൈൻ ഡമോൺസ്ട്രേഷനുകൾ<br>5) ഫാം ഫീൽഡ് സ്കൂൾ |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *246 — 12.03.2010 - ൽ മറുപടിയ്ക്ക്

## കമ്മ്യൂണിറ്റി പോളിടെക്നിക് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. കെ. പുരുഷോത്തമൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. എ. എം. യൂസഫ്<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. പി. ടി. എ. റഹീം | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ കമ്മ്യൂണിറ്റി പോളിടെക്നിക് പദ്ധതി നടപ്പാക്കുന്നതിനായി കേരളത്തിലെ എത്ര പോളിടെക്നിക്കുകളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) 40 പോളിടെക്നിക്കുകളെ തെരഞ്ഞെടുത്തിട്ടുണ്ട് ലിസ്റ്റ് അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (ബി)<br>1. പോളിടെക്നിക്കിന്റെ പരിസരങ്ങളിലുള്ളവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി സ്വയം തൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കുക.<br>2. അവിദഗ്ദ്ധ തൊഴിലാളികൾക്ക് അവർ ചെയ്യുന്ന തൊഴിലിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ തൊഴിൽ പ്രാവീണ്യം നേടിക്കൊടുക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കുക.<br>3. വനിതകൾ, പട്ടികജാതി/പട്ടിക വർഗ്ഗക്കാർ, ന്യൂനപക്ഷ വിഭാഗങ്ങൾ, സ്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോയവർ, പാതയോരത്തെ കുട്ടികൾ, വികലാംഗർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ തുടങ്ങിയവർക്ക് പ്രത്യേക തൊഴിൽ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുക.<br>4. ശുചീകരണ പ്രവൃത്തി ചെയ്യുന്നവരെ പുനരധിവസിപ്പിക്കാൻ അവർക്ക് ശുചിത്വം, സാനിറ്റേഷൻ, സാനിട്ടറി സർവ്വീസിന്റെ യന്ത്രവത്ക്കരണം തുടങ്ങിയവയിൽ പ്രത്യേകം പരിശീലനം നൽകാൻ നടപടി സ്വീകരിക്കുക. |
| (സി) ഏതെല്ലാം തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നതിനാണ് പ്രസ്തുത പദ്ധതിപ്രകാരം സഹായം ലഭിക്കുന്നത് ; | (സി) അതാത് പ്രദേശത്തെ ആളുകൾക്ക് അനുയോജ്യമായ തൊഴിലധിഷ്ഠിത കോഴ്സുകളാണ് നടത്തുന്നത് (കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്). |

(ഡി) പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ഡി)

(i) നിലവിലുള്ള 42 പോളിടെക്നിക്കുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 2 കോടി രൂപ വീതം അനുവദിക്കുന്നതിനു മുന്നോടിയായി ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇതിൽ 18 പോളിടെക്നിക്കുകൾക്ക് ആദ്യ ഗഡുവായി 10 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് നടപടിയായി.

(ii) സംസ്ഥാനത്തെ 35 പോളിടെക്നിക്കുകളിൽ പെൺകുട്ടികൾക്ക് വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് ഒരു കോടി രൂപ വീതം അനുവദിക്കുന്നതിനു മുന്നോടിയായി ബാങ്ക് അക്കൗണ്ട് തുറക്കാൻ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. അതിൽ 28 പോളിടെക്നിക്കുകൾക്ക് ആദ്യ ഗഡുവായി 20 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(ഇ) പോളിടെക്നിക്കുകളിൽ അടുത്തവർഷം പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ഇ) 17 പോളിടെക്നിക്കുകളിൽ വിവിധങ്ങളായ പുതിയ കോഴ്സുകൾ ആരംഭിക്കാൻ തീരുമാനമായിട്ടുണ്ട്. ഇതിന് എ.ഐ.സി.ടി.ഇ. യുടെയും തുടർന്ന് സർക്കാരിന്റെയും അംഗീകാരം ലഭിക്കേണ്ടതുണ്ട് (അനുബന്ധം മൂന്ന് കണ്ടാലും).

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ: 247

12.3.2010-ൽ മറുപടിയ്ക്ക്

### "സിവിൽസ്റ്റേഷനുകളുടെ നവീകരണം"

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ.സി.രാജഗോപാലൻ:**<br>**ശ്രീ. പി.ജയരാജൻ:**<br>**ശ്രീമതി.കെ.എസ്.സലീഖ:**<br>**ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി:**<br>**ശ്രീ. സി.എം. ദിനേശ് മണി:** | **ശ്രീ. കെ.പി. രാജേന്ദ്രൻ**<br>**(റവന്യു വകുപ്പ് മന്ത്രി)** |
| (എ) മിനിസിവിൽ സ്റ്റേഷനും കൂടെ നവീകരണത്തിനായി ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ ; | (എ) സംസ്ഥാനത്തെ മിനിസിവിൽസ്റ്റേഷനുകളുടെ നവീകരണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഇടുക്കി ജില്ലയിലെ തൊടുപുഴ, എറണാകുളം ജില്ലയിലെ ആലുവ, പറവൂർ എന്നീ മിനി സിവിൽസ്റ്റേഷനുകളുടെ നവീകരണത്തിന നടപടികൾ നടന്നു വരുന്നു. |
| (ബി) ഏതെല്ലാം സിവിൽ സ്റ്റേഷനുകളുടെ നവീകരണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഏതെല്ലാം സിവിൽ സ്റ്റേഷനുകളുടെ നവീകരണം പൂർത്തിയായിട്ടുണ്ട് ; | (ബി) പാലക്കാട്, വയനാട് സിവിൽസ്റ്റേഷനുകളുടെ നവീകരണവും, മലപ്പുറം സിവിൽസ്റ്റേഷനിലെ പുതുതായി നിർമ്മിയ്ക്കുന്ന ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തിയും പത്തനംതിട്ട സിവിൽ സ്റ്റേഷന്റെ അറ്റകുറ്റപ്പണിയും നടന്നുവരുന്നു. ഈ ജോലികൾ പൂർത്തിയായിട്ടില്ല. |
| (സി)നിർമ്മാണത്തിലിരുന്ന ഏതെല്ലാം സിവിൽസ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) ആലപ്പുഴ സിവിൽസ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റ് ജില്ലകളിൽ നിർമ്മാണ പ്രവർത്തനം നിലവിലില്ല |
| (ഡി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര വില്ലേജാഫീസുകൾ ഉണ്ട്; ഇവയ്ക്ക് സ്വന്തം കെട്ടിടം നിർമ്മിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന 46 വില്ലേജ് ഓഫീസുകൾ ഉണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിയ്ക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 248 12.03.2010-ൽ മറുപടിയ്ക്ക്

''പ്ളാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനം''

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എൻ.വാസവൻ | ശ്രീ.മുല്ലക്കര രത്നാകരൻ |
| ശ്രീ.രാജു എബ്രഹാം | (കൃഷി വകുപ്പ് മന്ത്രി) |
| ശ്രീ.അൽഫോൺസ് കണ്ണന്താനം | |
| ശ്രീ.എം.ജെ.ജേക്കബ് | |

| | |
|---|---|
| എ) പ്ളാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; | എ & ഡി) പ്ളാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിഷൻ 2012 പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവർത്തനങ്ങൾ കോർപ്പറേഷനിൽ നടപ്പിലാക്കിയിട്ടുണ്ട്:<br>1) കൊടുമൺ, കാലടി ഗ്രൂപ്പുകളിലും മലബാർ ഗ്രൂപ്പിലെ പേരാമ്പ്ര, നിലമ്പൂർ എന്നീ റബ്ബർ എസ്റ്റേറ്റുകളിലും ടാപ്പിംഗ് ട്രെയിനിംഗ് സ്കൂളുകൾ ആരംഭിച്ചു.<br>2) കൊടുമൺ ഗ്രൂപ്പ് ലാറ്റക്സ് ഫാക്ടറി ആധുനിക സാങ്കേതിക വിദ്യ ഉൾക്കൊള്ളിച്ച് നിർമ്മാണം പുരോഗമിക്കുന്നു. വെറ്റിലപ്പാറയിൽ ഐ.എസ്.എൻ.ആർ.ഫാക്ടറി ആധുനിക സജ്ജീകരണങ്ങളോടെ നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു.<br>3) ടാപ്പിംഗ് തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കാൻ ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ ലാറ്റക്സ് സ്റ്റേഷനുകൾ പ്രവർത്തിച്ചു തുടങ്ങി.<br>4) ഈ വർഷം കോർപ്പറേഷന്റെ റബ്ബർ തോട്ടങ്ങളിലെ 406 ഹെക്ടർ സ്ഥലത്ത് അത്യുൽപ്പാദന ശേഷിയുള്ള റബ്ബർ തൈകൾ നടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മലബാർ മേഖലയിലെ 350 ഹെക്ടർ കശുമാവിൻ തോട്ടം അത്യുൽപ്പാദന ശേഷിയുള്ള പുതിയ ഇനം കശുമാവ് |

| | |
|---|---|
| | തൈകൾവച്ച് പുനരാവർത്തന കൃഷി നടപ്പിലാക്കുന്നതാണ്.<br>5) കോർപ്പറേഷനിലെ തൊഴിലാളികൾക്കും ജീവനക്കാർക്കുമായി എൽ.ഐ.സി.യുമായി യോജിച്ച് ഗ്രാറ്റുവിറ്റി ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കി. ഇതിലേയ്ക്ക് 11 കോടി രൂപ അടച്ചു.<br>6) കാഷ്യൂ എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്കുള്ള മിനിമം കൂലി വർദ്ധനവ് നടപ്പിലാക്കി.<br>7) 1999 മുതൽ താൽക്കാലികമായി ജോലിയെടുത്ത 706 താൽക്കാലിക തൊഴിലാളികളെ സർവ്വീസിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തി. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനായി റിക്രൂട്ട്മെന്റ് നടത്തി.<br>8) ഇൻസെന്റീവ് നിരക്കുകൾ കാലോചിതമായി പരിഷ്കരിച്ചു.<br>9) ഉൽപ്പാദന വർദ്ധനവിനായി പരിശ്രമിച്ച തൊഴിലാളികൾക്കായിഅന്തർസംസ്ഥാന ടൂർ സംഘടിപ്പിച്ചു. വിഷൻ 2012 അവാർഡുകളും നൽകി.<br>10) ജോലി സമയത്ത് മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 50,000 രൂപ സാമ്പത്തിക സഹായം അനുവദിച്ചു.<br>11) പ്രവർത്തനം നിലച്ചിരുന്ന റബ്ബർ തടി ഫാക്ടറി പുന:രുദ്ധരിച്ചു.<br>12) തൊഴിലാളികൾ ഔദ്യോഗിക ആവശ്യങ്ങൾക്ക് യാത്ര ചെയ്യുമ്പോൾ നൽകുന്ന ഡി.എ. കാലോചിതമായി പരിഷ്കരിച്ചു.<br>13) ഫാക്ടറി തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.<br>14) ഗുണമേൻമയ്ക്കുള്ള ഐ.എസ്.ഒ. അംഗീകാരം നേടി.<br>15) മികച്ച വിദ്യാഭ്യാസ നിലവാരം കാഴ്ച വച്ച വിദ്യാർത്ഥികൾക്ക് പ്രോത്സാഹന അവാർഡുകൾ നൽകി.<br>16) കോർപ്പറേഷന്റെ ഇടപാടുകാരുമയുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കസ്റ്റമർ മീറ്റ്, വെണ്ടർ മീറ്റ് എന്നിവ |

| | |
|---|---|
| | ഹെഡ്ഡാഫീസിൽ വച്ച് നടത്തി.<br>17) കോർപ്പറേഷനിൽ നിന്നും സർവ്വീസ് കാലാവധി പൂർത്തീകരിച്ച് പിരിഞ്ഞുപോകുന്ന **തൊഴിലാളികൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് കോർപ്പറേഷന്റെ** വകയായി 1000/- രൂപയിൽ അധികരിക്കാത്ത വിലയുള്ള പ്രത്യേക പാരിതോഷികം ഏർപ്പെടുത്തി.<br>18) റബ്ബർ-കാഷ്യൂ കൊമേഴ്സ്യൽ നഴ്സറികൾ മുഖേന ലാഭം നേടുവാനായി.<br>19) കോഴിക്കോട് മേഖലാ ഓഫീസ് നിർമ്മാണത്തിന് അംഗീകാരമായി.<br><br>കോർപ്പറേഷന്റെ കഴിഞ്ഞ മൂന്നു വർഷത്തെ സാമ്പത്തിക നില ചുവടെ ചേർക്കുന്നു:<br><br><u>വർഷം</u>    <u>ലാഭം (ലക്ഷത്തിൽ)</u><br>2006-07    11.41<br>2007-08    1387.00<br>2008-09    2078.00 |
| ബി) റബ്ബർ ലാറ്റക്സ് ഫാക്ടറി ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; | ബി) പുതിയ റബ്ബർ ലാറ്റക്സ് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൊടുമൺ എസ്റ്റേറ്റിൽ പുരോഗമിച്ചു വരികയാണ്. |
| സി) പുതുതായി ഏതെല്ലാം കൃഷികൾ കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്; | സി) റബ്ബർ, കശുമാവ്, എണ്ണപ്പന ഇവയ്ക്കു പുറമെ മറ്റുള്ള കൃഷികൾ കോർപ്പറേഷൻ ആരംഭിച്ചിട്ടില്ല. |
| ഡി) വിഷൻ 2012-ൽ രൂപം നൽകിയിട്ടുള്ള പ്രവർത്തന പദ്ധതികളുടെ വിശദാംശം നൽകുമോ; കോർപ്പറേഷന്റെ സാമ്പത്തികനില വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം **നം.249** 12.03.2010–ൽ മറുപടിക്ക്

## <u>ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പാലങ്ങളുടെ നിർമ്മാണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. സി.എം.ദിനേശ്മണി :**<br>**ശ്രീ. എ.എം.ആരിഫ് :**<br>**ശ്രീ. എം.എം.മോനായി :**<br>**ശ്രീ. ബി.ഡി.ദേവസ്സി :**<br>**ശ്രീ. മഞ്ഞളാംകുഴി അലി :** | **ശ്രീ.പി.ജെ.ജോസഫ്**<br>(മരാമത്ത് വകുപ്പുമന്ത്രി) |
| **(എ)** ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ ; | **(എ)** ദേശീയപാത വികസനത്തിന്റെ ഭാഗമായി 6 പ്രധാന പാലങ്ങളുടെയും 5 ചെറുപാലങ്ങളുടെയും നിർമ്മാണം നടന്നുവരുന്നു. |
| **(ബി)** വർഷങ്ങളായി പൂർത്തീകരിക്കാതെ കിടന്ന പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | **(ബി)** ഉണ്ട്. നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്ത കരാറുകൾ റദ്ദ് ചെയ്യുകയും പുനർദർഘാസ് ക്ഷണിച്ച് പണിപുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| **(സി)** ദേശീയപാത വികസന പദ്ധതിയുടെ ഭാഗമായി എത്ര മേൽപ്പാലങ്ങൾ നിർമ്മിക്കാൻ അനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | **(സി)** ദേശീയപാതാ വികസനത്തിന്റെ ഭാഗമായി 6 മേൽപ്പാലങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. |
| **(ഡി)** ദേശീയപാത വികസനത്തിന് ഇപ്പോൾ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | **(ഡി)** ജനങ്ങളുടെ എതിർപ്പുമൂലം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസമാണ് ദേശീയപാത വികസനത്തിനുള്ള തടസ്സം. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 250 — 12-03-2010- ൽ മറുപടിയ്ക്ക്

**കാർഷിക കടം എഴുതിത്തള്ളിയതിന്റെ പ്രയോജനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. എ.എ. ഷുക്കൂർ :<br>ശ്രീ. ടി.എൻ. പ്രതാപൻ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക കടം എഴുതിത്തള്ളുന്നതു സംബന്ധിച്ച കേന്ദ്രത്തിന്റെ നടപടി പ്രകാരം സംസ്ഥാനത്തെ എത്ര കർഷകർക്ക് ആനുകൂല്യം കിട്ടിയെന്ന് പറയുമോ ; | (എ) 2008 ലെ കേന്ദ്ര കാർഷിക കടം എഴുതിത്തള്ളലും കാർഷിക കടാശ്വാസവും പദ്ധതി പ്രകാരം കാർഷിക കടം എഴുതി തള്ളുകയും വായ്പ ഒറ്റത്തവണ തീർപ്പാക്കുകയും ചെയ്യതിലൂടെ 11,59,293 അക്കൗണ്ടുകളിലായി കർഷകർക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ട്. |
| ബി) എത്ര തുകയുള്ള ആനുകൂല്യമാണ് കർഷകർക്ക് കിട്ടിയതെന്ന് പറയുമോ ; | (ബി) 2008 ലെ കേന്ദ്ര കാർഷിക കടം എഴുതിത്തള്ളലും കാർഷിക കടാശ്വാസവും പദ്ധതി പ്രകാരം കാർഷിക കടം എഴുതി തള്ളുകയും വായ്പ ഒറ്റത്തവണ തീർപ്പാക്കുകയും ചെയ്യതിലൂടെ സംസ്ഥാനത്തെ കർഷകർക്ക് 2503.04 കോടി രൂപയുള്ള ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട് |
| സി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുത്ത കർഷകർ ,സംസ്ഥാന പദ്ധതി പ്രകാരം വായ്പ കുടിശ്ശികയടച്ചു തീർക്കുന്നതിന് പുതിയ വായ്പയെടുത്തതു കൊണ്ടോ പലിശ കുടിശ്ശിക അടച്ചു തീർത്തതു കൊണ്ടോ കേന്ദ്ര ഗവൺമെന്റിന്റെ കാർഷിക വായ്പയെഴുതിത്തള്ളിയ പദ്ധതിയുടെ പ്രയോജനം കിട്ടാതെ വന്നിട്ടുണ്ടോ ; | (സി) കേന്ദ്ര നിയമത്തിന്റെ പരിമിതികൾ കാരണം ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. |
| ഡി) എങ്കിൽ എത്ര പേർക്ക് ഈ ആനുകൂല്യം കിട്ടാതെ വന്നു എന്ന് പറയുമോ ; ഇവരെ സഹായിക്കുവാൻ സംസ്ഥാന ഗവൺമെന്റിന് എന്തു പരിപാടിയാണുള്ളതെന്നു വ്യക്തമാക്കുമോ ? | (ഡി) എത്ര പേർക്ക് ആനുകൂല്യം ലഭ്യമായിട്ടില്ല എന്നുള്ളതു സംബന്ധിച്ച കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകാത്ത കർഷകർക്കും കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശ പ്രകാരം ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 251      12-03-2010-ൽ മറുപടിയ്ക്ക്

## രാസവളങ്ങളുടെ വില നിയന്ത്രണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. അജിത് :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. എ.കെ. ചന്ദ്രൻ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) വളം സബ്സിഡി കുറയ്ക്കുന്നതിന്റെ ഭാഗമായി രാസവളങ്ങളുടെ വിലനിയന്ത്രണം ഒഴിവാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഏത്ര ഇനം വളങ്ങളുടെ വിലനിയന്ത്രണം ഒഴിവാക്കാനാണ് തീരുമാനിച്ചത് ; അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ ; | (ബി) | നിലവിൽ കേന്ദ്ര സർക്കാർ വില നിശ്ചയിക്കുകയും സബ്സിഡി നൽകുകയും ചെയ്യുന്ന എല്ലാ വളങ്ങളും ഈ നിയമത്തിനു കീഴിൽ വരും. |
| സി) കേന്ദ്ര ഗവൺമെന്റിന്റെ ഈ നടപടി സംസ്ഥാനത്തെ കർഷകരെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (സി) | ഈ പുതിയ പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിൽ നിന്നു ലഭിച്ചിട്ടില്ലാത്തിനാൽ കർഷകരെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കില്ല. എന്നാലും കർഷകരെ പ്രതികൂലമായി ബാധിക്കുന്ന ഒരു തീരുമാനമാണ് എന്നു കരുതേണ്ടിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 252 — 12.03.2010- ൽ മറുപടിനൽകേണ്ടത്.

### ഭൂനികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

ചോദ്യം

ശ്രീ. വി.ജെ.തങ്കപ്പൻ

ശ്രീ. സി.കെ.പി.പത്മനാഭൻ

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. ജോർജ് എം. തോമസ്

മറുപടി

ശ്രീ. കെ. പി. രാജേന്ദ്രൻ

(ബഹു:റവന്യൂ വകുപ്പുമന്ത്രി)

(എ) ഭൂനികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) ഭൂനികുതി ഉൾപ്പെടെയുള്ള ലാന്റ് റവന്യൂ, റവന്യൂ റിക്കവറി പിരിവുകൾ ഊർജ്ജിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 30.11.09-ലെ ജി.ഒ.(ആർ.റ്റി) 4366/09/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം 2009 ഡിസംബർ 1 മുതൽ 2010 മാർച്ച് 31 വരെയുള്ള കാലയളവ് പ്രത്യേക ഊർജ്ജിത യത്നകാലയളവായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാന ത്തിൽ ഓരോ ജില്ലയിലും ജില്ലാ കളക്ടർമാർ റവന്യൂ പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടത്തിവരുന്നു.

(ബി) ഭൂനികുതി ഇനത്തിൽ കഴിഞ്ഞ 3 വർഷങ്ങളിൽ ലഭിച്ച തുക വ്യക്തമാക്കുമോ;

(ബി)

| വർഷം | | പിരിവ് തുക (രൂപ കോടിയിൽ) |
|---|---|---|
| 2006-2007 | - | 25.16 |
| 2007-2008 | - | 26.08 |
| 2008-2009 | - | 26.43 |
| 2009-2010 (ജനുവരി വരെ) | - | 23.66 |

| | | |
|---|---|---|
| (സി) ഭൂനികുതി കുടിശ്ശിക പിരിക്കുന്നതിന് പ്രത്യേക റവന്യൂ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; <br><br> (ഡി) എങ്കിൽ കുടിശ്ശിക പിരിവ് ഇനത്തിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ? | | (സി) ആന്റ് (ഡി) <br><br> ഭൂനികുതി കുടിശ്ശിക പിരിക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ല. സംസ്ഥാനത്ത് ഓരോ വില്ലേജിലും ഭൂനികുതി പിരിച്ചെടുക്കുന്നത് ബന്ധപ്പെട്ട വില്ലേജ് ആഫീസർമാർ മുഖാന്തിരമാണ്. ഭൂനികുതി പിരിവിന്റെ കാര്യത്തിൽ മുൻവർഷങ്ങളിൽ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട് |
| (ഇ) നികുതി കുടിശ്ശിക പിരിക്കുന്നതിൽ മികവ് പുലർത്തുന്ന ഉദ്യോഗസ്ഥർക്ക് പ്രത്യേക പ്രോത്സാഹനം നൽകുമോ? | (ഇ) | ഇക്കാര്യം പരിശോധിച്ചുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം **നം.253** 12.03.2010-ൽ മറുപടിക്ക്

## മേജർ ജില്ലാ റോഡുകൾ സംസ്ഥാന ഹൈവേയുടെ നിലവാരത്തിലേക്ക് ഉയർത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി. പി.അയിഷാ പോറ്റി :**<br>**ശ്രീ. കെ.വി.അബ്ദുൾ ഖാദർ :**<br>**ശ്രീ. എം.കെ.പുരുഷോത്തമൻ :**<br>**ശ്രീ. പി.വിശ്വൻ :**<br>**ശ്രീ. ആർ.സെൽവരാജ് :** | | **ശ്രീ.പി.ജെ.ജോസഫ്**<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) മേജർ ജില്ലാ റോഡുകൾ സംസ്ഥാന ഹൈവേയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിനു സമർപ്പിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ ; | (എ) | മേജർ ജില്ലാ റോഡുകൾ സംസ്ഥാന ഹൈവേയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ പദ്ധതികളൊന്നും നിലവിലില്ല. |
| (ബി) ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട് ; വിശദവിവരം വെളിപ്പെടുത്തുമോ ;<br>(സി) മൊത്തം എത്ര കിലോമീറ്റർ റോഡാണ് പദ്ധതി പ്രകാരം പുതുക്കി പണിയുന്നത് ;<br>(ഡി) പദ്ധതിക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ബി)<br>(സി) & ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 254 12.03.2010-ൽ മറുപടിക്ക്.

**"തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഹൈസ്കൂൾതലത്തിൽ" പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.എം.മോനായി : | ശ്രീ.എം.എ.ബേബി |
| " ആനത്തലവട്ടം ആനന്ദൻ : | (വിദ്യാഭ്യാസവും സാംസ്ക്കാരികക്കാര്യവും |
| " കെ.കെ.ദിവാകരൻ : | വകുപ്പുമന്ത്രി) |
| " കെ.കുഞ്ഞമ്മത് മാസ്റ്റർ : | |
| " രാജു എബ്രഹാം : | |

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായുള്ള "തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഹൈസ്കൂൾതലത്തിൽ" പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) 2008-2009 സാമ്പത്തിക വർഷം കേരളത്തിലെ ഹൈസ്കൂളുകളിൽ "തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഹൈസ്കൂൾതലത്തിൽ" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഏഴ് വിഷയങ്ങൾ സ്കൂളിൽ പഠിപ്പിക്കുന്നതിനായി ഓരോ വിദ്യാഭ്യാസ ജില്ലയിലും ഓരോ വിഷയത്തിന് ഒരു സ്കൂൾ എന്ന പ്രകാരം ഏഴ് സ്കൂളുകൾ തെരഞ്ഞെടുത്ത്, പഠനോപകരണങ്ങളും അസംസ്കൃത വസ്തുക്കളും സംഭരിക്കുന്നതിനും, പ്രാരംഭ ചെലവുകൾക്കുമായി തുക വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ സ്കൂളുകളിൽ അനുവദിച്ച വിഷയങ്ങൾ പഠിപ്പിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള അദ്ധ്യാപകർക്ക് പ്രായോഗിക പരിശീലനം നൽകി ക്ലാസ്സുകൾ ആരംഭിക്കുവാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ വിഷയത്തിനും വേണ്ട പഠനക്രമം തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഈ വർഷം എട്ടാം ക്ലാസ്സിൽ നടപ്പാക്കുന്ന പദ്ധതി അടുത്ത വർഷം ഒൻപതിലും അതിനടുത്ത വർഷം പത്താം ക്ലാസ്സിലും തുടരുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിപ്രകാരം ഏതെല്ലാം തൊഴിലുകളിലാണ് പരിശീലനം നൽകുന്നത് എന്നറിയിക്കുമോ ; | (ബി) | ഇലക്ട്രോണിക്സ്, മൊബൈൽ ഫോൺ സർവ്വീസിംഗ്, ബ്യൂട്ടീഷൻ, ഫാഷൻ ടെക്നോളജി (ഗാർമെന്റ്സ് ഡിസൈൻ & മേക്കിംഗ്), കമ്പ്യൂട്ടർ അനിമേഷൻ & ഡി.ടി.പി, റിപ്പയർ ആന്റ് മെയിന്റനൻസ് ഓഫ് 2 & 3 വീലർ, ഇലക്ട്രിക്കൽ വയറിംഗ് ആന്റ് മെയിന്റനൻസ് ഓഫ് ഹോം അപ്ലയൻസ് എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. |

| | | | |
|---|---|---|---|
| (സി) | ഏത് ക്ലാസ് മുതൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുവെന്നും എത്ര സ്കൂളുകളിൽ ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുമെന്നും അറിയിക്കുമോ ; | (സി) | എട്ടാം ക്ലാസ്സ് മുതലാണ് പദ്ധതി നടപ്പിലാക്കുന്നത്. 239 സ്കൂളുകളിലാണ് തുടക്കത്തിൽ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) | തൊഴിൽ പരിശീലനം നൽകുന്നതിന് പുതുതായി അദ്ധ്യാപക തസ്തിക സൃഷ്ടിക്കുമോ ; | (ഡി) | ഈ പദ്ധതിക്ക് പുതുതായി അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നില്ല. |
| (ഇ) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായമായി എത്ര തുക ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | കേന്ദ്ര സഹായം ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 255 12.3.2010 ൽ മറുപടിക്ക്

## റസ്റ്റ് ഹൗസുകളുടെ നവീകരണം

**ചോദ്യം**

ശ്രീ. എ.എം. യൂസഫ് :
ശ്രീ. കെ.സി. കുഞ്ഞിരാമൻ:
ശ്രീ. ടി.പി. കുഞ്ഞുണ്ണി:
ശ്രീ. സാജു പോൾ:
ശ്രീ. കെ. കുഞ്ഞിരാമൻ

**ഉത്തരം.**

ശ്രീ. പി.ജെ. ജോസഫ്
**(മരാമത്ത് വകുപ്പ് മന്ത്രി)**

(എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ നവീകരണത്തോടനുബന്ധിച്ച് നിലവിലുള്ള കെട്ടിടങ്ങളിലെ മുറികൾ പൂർണ്ണമായും നവീകരിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള കെട്ടിടങ്ങളിൽ കൂടുതൽ നിലകൾ പണിത് സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്ഥല ലഭ്യതയനുസരിച്ച് പുതിയ ബ്ളോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും എടുത്തു വരുന്നു. റസ്റ്റുഹൗസുകളുടെ നവീകരണത്തോടനുബന്ധിച്ച് വി.ഐ.പി. മുറികളിൽ എയർ കണ്ടീഷണിംഗ്, റ്റി.വി. മുതലായ സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തി വരുന്നു.

(ബി) ഏതെല്ലാം റസ്റ്റ് ഹൗസുകളുടെ നവീകരണം പൂർത്തിയായിട്ടുണ്ട്;

(ബി) നവീകരണം പൂർത്തിയായ റസ്റ്റ് ഹൗസുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

(സി) റസ്റ്റ് ഹൗസുകളിൽ കൂടുതൽ മുറികൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ:

(സി) സ്ഥലം, നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് എന്നിവയുടെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ മുറികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആലോചിക്കാവുന്നതാണ്

(ഡി) റസ്റ്റ് ഹൗസുകളോടനുബന്ധിച്ച് തരിശായി കിടക്കുന്ന ഭൂമിയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഡി) ഓരോ റസ്റ്റ് ഹൗസിനോടും അനുബന്ധിച്ചുള്ള സ്ഥലം റസ്റ്റ് ഹൗസുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കും, പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമായി ഉപയോഗിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## നവീകരണം പൂർത്തിയായ റസ്റ്റു ഹൗസുകളുടെ വിശദ വിവരം

1. കുറ്റാലത്ത് കേരളാ പാലസിന്റെ, പാലസ് ബിൽഡിംഗ് നവീകരണം
2. കുളത്തൂപ്പുഴ ഐ.ബി. യുടെ പഴയ കെട്ടിടത്തിന്റെ നവീകരണം
3. കൊല്ലം റസ്റ്റ് ഹൗസിൽ അനക്സ് കെട്ടിടത്തിന്റെ നവീകരണം
4. കോട്ടയം റസ്റ്റ് ഹൗസ്
5. പാലാ റസ്റ്റ് ഹൗസ്
6. ചങ്ങനാശ്ശേരി റസ്റ്റ് ഹൗസ്
7. വൈക്കം റസ്റ്റ് ഹൗസ്
8. കാഞ്ഞിരപ്പള്ളി റസ്റ്റ് ഹൗസ്
9. എരുമേലി റസ്റ്റ് ഹൗസ്
10. ഈരാറ്റുപേട്ട റസ്റ്റ് ഹൗസ്
11. മുണ്ടക്കയം റസ്റ്റ് ഹൗസ്
12. എറണാകുളം റസ്റ്റ് ഹൗസിൽ ടൂറിസം ഡിപ്പാർട്ടമെന്റിന് നൽകി യിരുന്നതും തിരിച്ച് ഏൽപ്പിച്ചതുമായ മുറികളുടെ നവീകരണം
13. പെരുമ്പാവൂർ റസ്റ്റ് ഹൗസ്
14. പുത്തൻകുരിശ് റസ്റ്റ് ഹൗസ്
15. കൊയിലാണ്ടി റസ്റ്റ് ഹൗസ്
16. വടകര റസ്റ്റ് ഹൗസ്
17. നാദാപുരം റസ്റ്റ് ഹൗസ്
18. തലശ്ശേരി റസ്റ്റ് ഹൗസ്
19. വൈത്തിരി റസ്റ്റ് ഹൗസ്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.256 — 12.03.2010 ൽ മറുപടിയ്ക്ക്

## നാളികേര വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വിശ്വൻ<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) നാളികേര വികസനത്തിനായി കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായുള്ള സംസ്ഥാന പദ്ധതിയായ കേരശ്രീ, നാളികേര വികസന ബോർഡ് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ തെങ്ങ് കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ എന്ന പദ്ധതിയും തെങ്ങു പുനരുദ്ധാരണ പദ്ധതിയും ആണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) കർഷകർക്ക് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനായി വിത്തുതേങ്ങ സംഭരണ കേന്ദ്രങ്ങളായ കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ നിന്നും മറ്റും തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നിന്നും ഡബ്ല്യൂ.സി.റ്റി, റ്റിXഡി / ഡിXറ്റി, എം.വൈ.ഡി തുടങ്ങിയ ഇനം വിത്തുതേങ്ങ സംഭരിച്ച് കൃഷി വകുപ്പിന്റെ കീഴിലുള്ള തെങ്ങിൻ തൈ നഴ്സറികളിലും, ഫാമുകളിലും പാകി, ശാസ്ത്രീയ പരിചരണ |

മുറകളിലൂടെ ഗുണമേന്മയുള്ള തൈകളാക്കി കർഷകർക്ക് വിതരണം ചെയ്തു വരുന്നു. കാറ്റു വീഴ്ച പ്രതിരോധ ശക്തിയുള്ള എലൈറ്റ് ഡബ്ല്യൂ.സി.റ്റി തെങ്ങിൻ തൈകളും ഇതിൽ ഉൾപ്പെടുന്നു. ഈ സാമ്പത്തിക വർഷം 9.60 ലക്ഷം വിത്തുതേങ്ങ സംഭരണത്തിന് ലക്ഷ്യമിട്ട് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി 176 ലക്ഷം രൂപ വിവിധ പദ്ധതികളിലായി വകയിരുത്തി യിരിക്കുന്നു.

(സി) കേരശ്രീ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരശ്രീ എന്ന പദ്ധതി 2007-08 മുതൽ നടപ്പാക്കി വരുന്നു.

തെങ്ങിൻ തോട്ടങ്ങളിലെ മെച്ചപ്പെട്ട കാർഷിക പരിപാലനം സംയോജിത വളപ്രയോഗം, ഇടവിളകൃഷി ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ ജൈവ വള വിത്തുകളുടെ വിതരണം, നല്ലയിനം തെങ്ങിൻ തൈകളുടെ വിതരണം എന്നിങ്ങനെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ആറു ജില്ലകളിലാണ് കേരശ്രീ പദ്ധതി 2007-08-ൽ നടപ്പിലാക്കിയത്. വാർഡു തലത്തിൽ 724 കേരഗ്രൂപ്പുകൾ രൂപീകരിച്ചാണ് കേര വികസന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തിയത്. ഒരു ഹെക്ടറിന് 5000 രൂപ ധനസഹായമായി നൽകി. 2007-08 ൽ 905 ലക്ഷം രൂപ ലഭ്യമാക്കിയതിൽ 904.99 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2008-09 വർഷം കേരശ്രീ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം രൂപീകരിച്ചിട്ടുള്ള 724 കേര ഗ്രൂപ്പുകൾക്കുള്ള ധന

സഹായത്തിനായി 905 ലക്ഷം രൂപയും പുതിയതായി രൂപീകരിച്ച 230 കേരശ്രീ ഗ്രൂപ്പുകൾക്കായി 287.5 ലക്ഷം രൂപ (മൊത്തം 1192.5 ലക്ഷം രൂപ) അനുവദിച്ചതിൽ ചെലവഴിച്ചിട്ടുണ്ട്.

2009-10 ൽ കേരശ്രീ പദ്ധതിയിലെ ആനുകൂല്യം ഹെക്ടറിന് 14,000 രൂപ ആയി ഉയർത്തുകയും ഈ പദ്ധതി മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കുകയും ചെയ്തു വരുന്നു. നാലു ജില്ലകളിലായി 415 ക്ലസ്റ്ററുകൾ രൂപീകരിച്ച് 10375 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പാക്കി വരുന്നു.

(ഡി) തെങ്ങുകളുടെ രോഗപ്രതിരോധത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ;

(ഡി) വ്യത്യസ്ഥ രോഗങ്ങളുടെ പ്രതിരോധത്തിനായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ട്.

(ഇ) നാളികേര ഉല്പാദനത്തിൽ സംസ്ഥാനത്ത് എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഇ) എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ പ്രകാരം ഉല്പാദന വർദ്ധനവ് 2008-09 ൽ ഉണ്ടായിട്ടുണ്ട്. ഉല്പാദനത്തിലും ഉല്പ്പാദന ക്ഷമതയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉല്പാദനത്തിൽ 2% വർദ്ധനവ് മുൻ വർഷത്തെ അപേക്ഷിച്ച് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

നാളികേരത്തിൻെറ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കേരശ്രീ എന്ന സംസ്ഥാന നാളികേര വികസന പദ്ധതി 2009-10 ൽ നാലു ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം വാർഡ് തലത്തിൽ 25 ഹെക്ടർ സ്ഥലത്തായി കേരഗ്രൂപ്പുകൾ രൂപീകരിച്ചാണ്. കേര വികസന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ളത്.

നാളികേരത്തിൻെറ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് തെങ്ങിൻ തോട്ടങ്ങളിലെ മെച്ചപ്പെട്ട കാർഷിക പരിപാലനം, സംയോജിത വളപ്രയോഗം, ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, രോഗ, കീടനിയന്ത്രണം, രോഗം ബാധിച്ചു പ്രായാധിക്യം കൊണ്ടും ഉല്പാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റാനുമായി ഹെക്ടറിന് 14,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

കേരശ്രീ പദ്ധതി 2009-10 വർഷം മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 415 ക്ലസ്റ്ററുകൾ 10375 ഹെക്ടർ സ്ഥലത്ത് രൂപീകരിച്ചു. 1452.50 ലക്ഷം രൂപയാണ് മൊത്തം പദ്ധതിക്കുള്ള അടങ്കൽ തുക. ഇതുവരെയായി 1281.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

തെങ്ങ് കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നാളികേര വികസന ബോർഡിൻെറ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു. 2009-10 ൽ 1000 ഹെക്ടർ സ്ഥലത്ത് പ്രദർശനതോട്ടം സ്ഥാപിച്ചിട്ടുണ്ട്. ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 175 ലക്ഷം രൂപ അനുവദിച്ചതിൽ ഇതുവരെ 132.844 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

തെങ്ങുകൃഷിക്കുള്ള ശാസ്ത്രീയ പരിചരണ മുറകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 17,500 രൂപ ഒരു ഹെക്ടറിന് ധനസഹായം നൽകി. രണ്ടു വർഷത്തേക്കായി ഒരു ഹെക്ടറിന് പരമാവധി 35,000 രൂപ ധനസഹായമായി കർഷകർക്ക് ലഭ്യമാക്കുന്നു. തെങ്ങ് പുനരുദ്ധാരണ പദ്ധതി നാളികേര വികസന ബോർഡിൻെറ ധനസഹായത്തോടുകൂടി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 2009-10 മുതൽ 2012-13 വരെ നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക്

474.54 കോടി രൂപ കേന്ദ്ര സബ്സിഡിയാണ്. ഈ പദ്ധതിയുടെ 3 പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. കാറ്റ് വീഴ്ച രോഗം ബാധിച്ചതും, പ്രായാധിക്യം കൊണ്ട് ഉത്പാദന ക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുക.
2. ബാക്കി തെങ്ങുകൾക്ക് മെച്ചപ്പെട്ട പരിചരണ മുറകൾ അവലംബിക്കാൻ കർഷകർക്ക് സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകുക.
3. ആവശ്യമുള്ള കൃഷിയിടങ്ങളിൽ പുനർ നടീൽ അവലംബിക്കുക.

ഒരു ഹെക്ടറിൽ 32 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ധനസഹായം നൽകുന്നു. വെട്ടി മാറ്റുന്ന ആദ്യത്തെ 20 തെങ്ങുകൾക്ക് 500 രൂപ വീതവും ബാക്കി 12 തെങ്ങുകൾക്ക് തെങ്ങൊന്നിന് 250 രൂപ വീതവും ഹെക്ടർ ഒന്നിന് പരമാവധി 13,000 രൂപയിൽ പരിമിതപ്പെടുത്തും. വളപ്രയോഗം ശാസ്ത്രീയ പരിപാലന മുറ പ്രകാരം നടത്തുന്നതിന് വർഷത്തിൽ 7500 രൂപ വീതം ഹെക്ടറിന് 15,000 രൂപ രണ്ടു വർഷങ്ങളിലായി നൽകുന്നുണ്ട്.

പുനർ നടീലിന് ഹെക്ടറൊന്നിന് 175 തെങ്ങുകൾ കവിയാതെയുള്ള തോട്ടങ്ങളിൽ വെട്ടിമാറ്റുന്ന തൈകൾക്കു പകരം പുനർ നടീലിന് തൈ ഒന്നിന് 20 രൂപ വീതം ധനസഹായം നൽകുന്നതാണ്. പദ്ധതി 2009-10 വർഷം മൂന്നു ജില്ലകളിലുമായി 19 ബ്ലോക്കുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അടുത്ത 3 വർഷം കൊണ്ട് തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിലെ എല്ലാ പഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനം മൂലമുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കുന്നതാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 257 | 12/03/2010 ൽ മറുപടിയ്ക്ക്

റവന്യൂ വകുപ്പിൽ നടപ്പാക്കുന്ന കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ്:<br>ശ്രീ. ബാബു. എം. പാലിശ്ശേരി:<br>ശ്രീ. ബി. ഡി. ദേവസ്സി:<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി:<br>ശ്രീ. എസ്. രാജേന്ദ്രൻ: | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ നടപ്പാക്കുന്ന കമ്പ്യൂട്ടർ വൽക്കരണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; | (എ) ലാന്റ് റവന്യൂ വകുപ്പിൽ മൂന്ന് ഘട്ടങ്ങളായുള്ള കമ്പ്യൂട്ടർവൽക്കരണമാണ് നടന്നു വരുന്നത്.<br>1.ഡി. സി. സ്യൂട്ട്:- ഈ പദ്ധതി പ്രകാരം സംസ്ഥാനത്തുള്ള കളക്ടറേറ്റുകളുടെ കമ്പ്യൂട്ടർവൽക്കരണമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ 3 കളക്ടറേറ്റുകൾ ഒഴികെ (തിരുവനന്തപുരം, പത്തനംതിട്ട, വയനാട്) മറ്റെല്ലാ ജില്ലാ കളക്ടറേറ്റുകളിലും ഇവ നടപ്പിലാക്കികഴിഞ്ഞു.<br>2.ഇ-ഡിസ്ട്രിക്റ്റ് പദ്ധതി:- ഈ പദ്ധതി പ്രകാരം പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത ജില്ലകളിൽ കളക്ടറേറ്റു മുതൽ വില്ലേജ് തലം വരെയുള്ള കമ്പ്യൂട്ടർ വൽക്കരണം പുരോഗമിച്ചു വരുന്നു.<br>3.ഭൂരേഖ കമ്പ്യൂട്ടർവൽക്കരണം:- ഈ പദ്ധതി പ്രകാരം വില്ലേജ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണമാണ് നടന്നു വരുന്നത്. സംസ്ഥാനത്തെ റീസർവെ നടന്നു കഴിഞ്ഞ എല്ലാ വില്ലേജുകളെയുമാണ് ഈ പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) കമ്പ്യൂട്ടറൈസ്ഡ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുക, കമ്പ്യൂട്ടർ വഴി നികുതി അടയ്ക്കുവാനുള്ള സൗകര്യം ഒരുക്കുക, കമ്പ്യൂട്ടർ ഭൂരേഖ (കൈവശ അവകാശ സർട്ടിഫിക്കറ്റ്) നൽകുക തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | എത്ര വില്ലേജ് ആഫീസുകളിൽ ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്; | (സി) | ഭൂരേഖ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ആദ്യപടിയായി കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ റീസർവെ പൂർത്തിയായ 205 വില്ലേജുകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുകയും രണ്ടാം ഘട്ടമായി കൊല്ലം, എറണാകുളം, തൃശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ റീസർവെ പൂർത്തിയാക്കിയ 351 വില്ലേജുകളിലെ ഭൂരേഖ കമ്പ്യൂട്ടർവൽക്കരണം അവസാന ഘട്ടത്തിലുമാണ്. കൂടാതെ റീസർവെ പൂർത്തിയാക്കിയ മറ്റു 198 വില്ലേജുകളിലെ ബി. റ്റി. ആർ എൻട്രികളും, നാളതീകരണവും പുരോഗമിച്ചു വരുന്നു. |
| (ഡി) | ഭൂമി ക്രയവിക്രയങ്ങളിൽ നടന്നു വരുന്ന ദുഷ്പ്രവണതകൾ ഒഴിവാക്കുന്നതിന് സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം പര്യാപ്തമാകുമോ എന്ന് വ്യക്തമാക്കുമോ; | (ഡി) | പര്യാപ്തമാകുന്നതാണ്. ഭൂമി ക്രയവിക്രയങ്ങളിൽ പരിപൂർണ്ണമായ സുതാര്യത കൈവരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്ന്. കൂടാതെ രേഖകൾ വെബ് സൈറ്റിലൂടെ പ്രസിദ്ധീകരിക്കുന്നതിലൂടെ ഇതിന് പൊതുജനസമ്മതി ഉറപ്പാക്കാൻ സാധിക്കും |
| (ഇ) | റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ട് ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകൾ സംയോജിച്ചുകൊണ്ടുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ആദ്യമായി തിരുവനന്തപുരം താലൂക്കിലെ തൈക്കാട് വില്ലേജിലെ പ്രവർത്തനമാണ് ഇപ്രകാരം ആരംഭിച്ചത്. ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ വില്ലേജിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 258 * 12.3.2010 ൽ മറുപടിക്ക്

## ഹിൽ ഹൈവേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ.എ.പി. അനിൽകുമാർ<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.പി.ജെ. ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| എ) ഹിൽ ഹൈവേ സംബന്ധിച്ച് നാട്പാക് സമർപ്പിച്ച ഫൈനൽ റിപ്പോർട്ട് പരിശോധിച്ചുവോ ; | (എ) പരിശോധിച്ചു |
| ബി)റിപ്പോർട്ടിലെ ശുപാർശ യിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) കാസറഗോഡ് ജില്ലയിലെ നന്ദാരപദവ് മുതൽ പാലക്കാട് ടൗൺ വരെയും പാലക്കാട് ടൗൺ മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെയും രണ്ടു ഘട്ടങ്ങളായി നാറ്റ്പാക് മലയോര ഹൈവേയുടെ പഠനം നടത്തുകയുണ്ടായി. മലയോര ഹൈവേയുടെ ഒന്നാംഘട്ടത്തിന് നാറ്റ്പാക് സമർപ്പിച്ച അലൈൻമെന്റ് 3.1.2005 ലെ ഉത്തരവ് (ആർ.റ്റി നം.13/05/പൊമവ) പ്രകാരം സർക്കാർ അംഗീകരിച്ചിരുന്നു. പിന്നീട് പാലക്കാട് ടൗൺ മുതൽ കടുക്കറ വരെയുള്ള രണ്ടാംഘട്ടത്തിന്റെ പഠനം നടത്തി നാറ്റ്പാക് റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ട് സർക്കാർ വിശദമായി |

പരിശോധിക്കുകയും, 6.7.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.44/09/പൊ.മ.വ പ്രകാരം കാസറഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള മലയോര ഹൈവേയുടെ അലൈൻമെന്റ് അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധ മായി വച്ചിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 12.3.2010- ൽ |
| നിയമസഭാ ചോദ്യം നം. 259 | മറുപടിയ്ക്ക് |

## പ്രവേശനപരീക്ഷയ്ക്കുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ.കെ.അച്ചുതൻ:<br>ശ്രീ.എ.എ.ഷുക്കൂർ: | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശനപരീക്ഷ എഴുതുന്നവർ അതിനുള്ള അപേക്ഷയോടൊപ്പം എന്തെല്ലാം സർട്ടിഫിക്കറ്റുകളാണ് ഉൾക്കൊള്ളിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | എ) | ജനറൽ കാറ്റഗറിയിൽ ഉൾപ്പെടെ എല്ലാ വിദ്യാർത്ഥികളും നേറ്റിവിറ്റി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സ്ഥാപന മേധാവി നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റ്/വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. എസ്.ഇ.ബി.സി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ കുടുംബവരുമാന സർട്ടിഫിക്കറ്റും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കണം. എന്നാൽ എസ്.ഇ.ബി.സിയിൽ ഉൾപ്പെട്ട മിശ്രവിവാഹിതരുടെ മക്കൾ വരുമാന സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല. അവർ മാതാപിതാക്കളുടെ മിശ്രവിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി. എസ്.സി/ എസ്.റ്റി വിഭാഗത്തിൽ പ്പെടുന്നവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. ശാരീരിക വൈകല്യമുള്ളവർ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. പ്രത്യേക സംവരണത്തിന് അർഹതയുള്ള വിദ്യാർത്ഥികൾ ആനുകൂല്യത്തിനായി അതാത് വിഭാഗത്തിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. സംസ്കൃതം പഠിച്ചവർ കോഴ്സ് സർട്ടിഫിക്കറ്റിൽ അത് വ്യക്തമാക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത പരീക്ഷ എഴുതുന്നവർ മേൽപറഞ്ഞ സർട്ടിഫിക്കറ്റുകൾ ഉൾക്കൊള്ളിക്കേണ്ടതിന്റെ ആവശ്യകത എന്തെന്ന് അറിയിക്കാമോ; | (ബി) | പ്രവേശനപരീക്ഷയിൽ അർഹതപ്പെട്ടവർക്ക് ആനുകൂല്യം നൽകുന്നതിന് സർട്ടിഫിക്കറ്റുകൾ ആവശ്യമാണ്. പ്രവേശന പരീക്ഷ നടത്തി കാറ്റഗറി നിശ്ചയിക്കുന്നതിനും റാങ്ക് നിശ്ചയിച്ച് ഫലം പ്രസിദ്ധപ്പെടുത്തുന്നതിനും സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത് അത്യാവശ്യമാണ്. |

(സി) കേന്ദ്ര ഗവൺമെന്റ് നടത്തുന്ന പ്രവേശന പരീക്ഷയ്ക്കായി ഇത്തരം സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതുണ്ടോ;

(സി) സി.ബി.എസ്.ഇ നടത്തുന്ന ആൾ ഇൻഡ്യ മെഡിക്കൽ/ എഞ്ചിനിയറിംഗ് പരീക്ഷകൾക്ക് പ്രോസ്പെക്ടസ് പ്രകാരം അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതില്ല.

(ഡി) ഇല്ലാത്തപക്ഷം സംസ്ഥാന പ്രവേശനപരീക്ഷ എഴുതുന്നവർ റാങ്ക് ലിസ്റ്റിൽ കടക്കുകയും കിട്ടാൻ അർഹതയുണ്ടാവുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രം ഇത്തരം സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതിയെന്ന് വ്യവസ്ഥ ചെയ്യുമോ?

(ഡി) യോഗ്യതാ പരീക്ഷയിലും പ്രവേശന പരീക്ഷയിലും എസ്.ഇ.ബി.സി, എസ്.സി/എസ്.റ്റി, ശാരീരിക ക്ഷമത കുറവുള്ള വിഭാഗങ്ങൾ എന്നിവർക്ക് പല തരത്തിലുള്ള മാർക്കിളവുകൾ അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ചാണ് റാങ്ക് ലിസ്റ്റും കാറ്റഗറി ലിസ്റ്റും തയ്യാറാക്കുന്നത്. നിശ്ചിത കാറ്റഗറിയിൽപ്പെടുത്തി ഒരിക്കൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ സാധാരണ ഗതിയിൽ അതിൽ മാറ്റം വരുത്താനാവില്ല. പല മാനദണ്ഡങ്ങളനുസരിച്ചുള്ള വ്യത്യസ്ത പരീക്ഷകൾ അടങ്ങുന്ന സങ്കീർണ്ണമായ സംവിധാനമാണ് നമ്മുടെ പ്രവേശനപരീക്ഷ. ആൾ ഇൻഡ്യ പ്രവേശന പരീക്ഷയിൽ നിന്ന് വ്യത്യസ്തമായി കേരള മെഡിക്കൽ എഞ്ചിനീയിറിംഗ് പരീക്ഷയ്ക്കു ശേഷം അലോട്ട്മെന്റ് നടത്തുന്നത് ഓൺലൈൻ മുഖേനയാണ്. നേരിട്ടുള്ള കൗൺസിലിംഗിലൂടെയല്ല, സംവരണത്തിനർഹമായ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ അപേക്ഷിക്കുന്ന സമയത്ത് സംവരണത്തിനാവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകിയില്ലെങ്കിൽ അവർക്ക് സംവരണം ലഭിക്കുന്നില്ല. അവരെ ജനറൽ കാറ്റഗറിയായി പരിഗണിക്കേണ്ടി വരും. എസ്.സി./എസ്.റ്റി വിഭാഗത്തിൽപ്പെടുന്നവർ അവർക്ക് നിശ്ചയിക്കപ്പെട്ട അപേക്ഷാഫാറത്തിൽ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഉൾക്കൊള്ളിച്ചില്ലെങ്കിൽ സംവരണാനുകൂല്യം ലഭിക്കുകയില്ല. ആയതിനാൽ സർട്ടിഫിക്കറ്റുകൾ പിന്നെ ഹാജരാക്കിയാൽ മതിയെന്ന് വ്യവസ്ഥചെയ്യാൻ സാധിക്കുകയില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 260 — 12.3.2010 ൽ മറുപടിയ്ക്ക്

മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | : | ശ്രീ. മുല്ലക്കര രത്നാകരൻ |
| ശ്രീ. വി. ചെന്താമരാക്ഷൻ | : | (കൃഷി വകുപ്പ് മന്ത്രി) |
| ശ്രീ. എം.ജെ. ജേക്കബ് | : | |
| ശ്രീ. കെ.സി. കുഞ്ഞിരാമൻ | : | |
| ശ്രീ. ജോർജ് എം. തോമസ് | : | |

| | |
|---|---|
| (എ) മണ്ണു സംരക്ഷണത്തിനായി മണ്ണു സംരക്ഷണ വകുപ്പു നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) കൃഷി ഭൂമിയുടേയും മണ്ണ്, ജലം തുടങ്ങിയ ഭൂ വിഭവങ്ങളുടേയും ശോഷണമോ നഷ്ടമോ മൂലം കാർഷിക വൃത്തിയ്ക്ക് പ്രതിസന്ധികൾ രൂപപ്പെട്ടിട്ടുള്ള കൃഷി ഭൂമികളിൽ പ്രസ്തുത വിഭവങ്ങളുടെ സംരക്ഷണവും വിനിയോഗവും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് മണ്ണു സംരക്ഷണ വിഭാഗം ഏറ്റെടുക്കുന്നത്. ഇതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത പട്ടിക അനുബന്ധം ഒന്നിലും ഇവയുടെ ഭാഗമായി ഏറ്റെടുക്കുന്ന വിവിധ സംരക്ഷണ പ്രവർത്തനങ്ങളുടെ പട്ടിക അനുബന്ധം രണ്ടിലും കാണാവുന്നതാണ്. |
| (ബി) ഇതുമൂലം എത്ര ഹെക്ടർ പ്രദേശത്തെ മണ്ണൊലിപ്പ് തടയുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (ബി) സംസ്ഥാനത്ത് ഈ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ആകെ 4,53,148 ഹെക്ടർ ഭൂമി സംരക്ഷിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് മണ്ണൊലിപ്പു കൂടുതലായിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമാണ് ; | (സി) സംസ്ഥാനത്ത് മലനാട്ടിലും ഇടനാട്ടിലുമായി സ്ഥിതി ചെയ്യുന്ന ചരിവ് കൂടിയ ഒട്ടുമിക്ക കൃഷിയിടങ്ങളിലും മണ്ണൊലിപ്പു വർദ്ധിതമായ തോതിൽ കാണപ്പെടുന്നു. |

| | |
|---|---|
| (ഡി) മണ്ണൊലിപ്പ് തടയുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ഡി) ഉണ്ട്. 70.14 കോടി രൂപയുടെ ഐ.ഡബ്ളിയു.എം.പി. പദ്ധതി തയ്യാറാക്കി കേന്ദ്ര അനുമതി തേടുന്നതിനായി സംസ്ഥാന ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലുമായി 17 വാട്ടർഷെഡ്ഡുകളിലായി 50,000 ഹെക്ടർ പ്രദേശത്തെ വാട്ടർഷെഡ്ഡു പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 261 12/03/2010-ൽ മറുപടിക്ക്

കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ :<br>ശ്രീ. എ. സി. മൊയ്തീൻ :<br>ശ്രീ. എ. പ്രദീപ് കുമാർ :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:<br>ശ്രീ. സാജു പോൾ : | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സർക്കാർ മേഖലയിലുള്ള ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) | ഹൈസ്കൂൾ ക്ലാസുകളിൽ ഐ.ടി. പഠനവും ഐ.ടി അധിഷ്ഠിത പഠനവും നടത്തുന്നതിന് ഐ.ടി. അറ്റ് സ്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ അധ്യാപക പരിശീലനം, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ, ഉള്ളടക്ക വികസനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഐ.ടി പഠനത്തോടൊപ്പം ഭാഷാ മാനവിക ശാസ്ത്ര വിഷയങ്ങളിൽ ഐ.ടി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾക്കായി സ്വതന്ത്ര സോഫ്റ്റ്വെയറിൽ പ്രത്യേക പാക്കേജുകൾ ഐ.ടി.അറ്റ് സ്കൂൾ പ്രോജക്ട് സ്വന്തമായി വികസിപ്പിച്ച് അധ്യാപക പരിശീലനം നൽകിയിട്ടുണ്ട്. ഒരു ലക്ഷത്തോളം ഹൈസ്കൂൾ അധ്യാപകർക്ക് ആവർത്തിച്ച് ഐ.ടി പരിശീലനം നൽകിയിട്ടുണ്ട്. 20000 അപ്പർ പ്രൈമറി സ്കൂൾ അധ്യാപകർക്ക് ഐ.സി.ടി അധിഷ്ഠിത പരിശീലനവും അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കായി പ്രത്യേക ഐ.സി.ടി അധിഷ്ഠിത കൈപ്പുസ്തകവും പഠനസഹായ സി.ഡി.യും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമെ അധ്യാപക ശാക്തീകരണ പരിപാടിയുടെ ഭാഗമായി മുഴുവൻ ഹൈസ്കൂൾ അധ്യാപകർക്കും അവരവരുടെ വിഷയങ്ങൾ ഐ.ടി ഉപയോഗിച്ച് പഠിപ്പിക്കുന്ന രീതി പരിചയപ്പെടുത്തിയിട്ടുണ്ട്. 90 ശതമാനം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകർക്കും പ്രത്യേക അടിസ്ഥാന ഐ.സി.ടി പരിശീലനം നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി അധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| ഡി) | എങ്കിൽ എത്ര ക്ലാസ് മുറികളിൽ വൈദ്യുതി ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ; | ഡി) | സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ 20,000-ത്തോളം ക്ലാസ്മുറികൾ വൈദ്യുതീകരിക്കുന്നതിന് പ്രോജക്ട് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| ഇ) | കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസത്തിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഇ) | ഐ.സി.ടി പദ്ധതി പ്രകാരം 2007-08-ൽ 10.16 കോടി രൂപയും 2008-09-ൽ 40.71 കോടി രൂപയും,2009-10-ൽ 40.71 കോടി രൂപയും കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. ഇതിന് ആനുപാതികമായ സംസ്ഥാന വിഹിതമായി 2007-08-ൽ 3.48 കോടി രൂപയും 2008-09-ൽ 13.64 കോടി രൂപയും 2009-2010-ൽ 13.64 കോടി രൂപയും സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 262** **12.03.2010 ൽ മറുപടിക്ക്**

## സാക്ഷരതാ സമിതിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ | | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി) | |
| എ) | സാക്ഷരതാ സമിതിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) | കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെ വിവരിക്കുന്ന പദ്ധതികൾ തുടർ വികസന വിദ്യാകേന്ദ്രങ്ങളിലൂടെ നടപ്പിലാക്കി വരുന്നു.<br>1. അടിസ്ഥാന സാക്ഷരതാ പദ്ധതി<br>2. തുല്യതാ പരിപാടി<br>3.വരുമാന വർദ്ധക പരിപാടികൾ<br>4. ജീവിത ഗുണനിലവാര വർദ്ധക പരിപാടികൾ<br>5. വ്യക്തിഗത താല്പര്യ പോഷണ പരിപാടികൾ<br>6. സ്വാശ്രയാടിസ്ഥാനത്തിൽ നടത്തിവരുന്ന പത്ത്മാസം ദൈർഘ്യമുള്ള പത്താം തരം എ ലെവൽ കോഴ്സ്<br><br>ദീർഘകാല അടിസ്ഥാനത്തിലുള്ള ഒരു അനൗപചാരിക വിദ്യാഭ്യാസ പദ്ധതി നടപ്പാക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി ഒരു അനൗപചാരിക വിദ്യാഭ്യാസ നയം 13.11.2009 ൽ സർക്കാർ പ്രഖ്യാപിച്ചു. പ്രസ്തുത നയത്തിൽ സംസ്ഥാനത്ത് അവശേഷിക്കുന്ന നിരക്ഷരരെ പൂർണ്ണമായും സാക്ഷരരാക്കുക, നാല്, ഏഴ്, പത്ത് തുല്യതാ വിദ്യാഭ്യാസം മുഴുവൻ പേർക്കും ഉറപ്പുവരുത്തുക, സമഗ്രമായ ഒരു തൊഴിൽ/നൈപുണി വികസന പദ്ധതി നടപ്പാക്കുക, കലാ സാംസ്ക്കാരിക ഭാഷാ പഠന പരിപാടി നടപ്പാക്കുക, പൗര വിദ്യാഭ്യാസ പദ്ധതിയായി അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയെ വികസിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളത്തിലെ സാക്ഷരതാ-തുടർ വിദ്യാഭ്യാസ പ്രവർത്തനം പുനരാവിഷ്ക്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| ബി) | പത്താം ക്ലാസ് തുല്യതാ പരിപാടിയിൽ ഇതുവരെ എത്രപേർ പങ്കെടുത്തു എന്ന് വെളിപ്പെടുത്തുമോ ; | ബി) | ആകെ 59250 പേർ |

സി) തുല്യതാ പരീക്ഷയ്ക്ക് ആവശ്യമായ പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ;

സി) ഉണ്ട്.

ഡി) പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ ; കേന്ദ്രസർക്കാർ എത്ര രൂപയാണ് ഓണറേറിയം നിർദ്ദേശിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

ഡി) ഉണ്ട്.

വികസന വിദ്യാകേന്ദ്രം പ്രേരകിന് 1200/- രൂപ,
അസിസ്റ്റന്റ് പ്രേരകിന് 700/- രൂപ,
തുടർവിദ്യാകേന്ദ്രം പ്രേരകിന് 700/- രൂപ,
അസിസ്റ്റന്റ് പ്രേരകിന് 500/- രൂപ എന്നീ നിരക്കിലാണ് കേന്ദ്രസർക്കാർ ഓണറേറിയം നൽകി വന്നിരുന്നത്.

ഇ) തുടർ വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിശീലനവും നടത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഇ) തുടർവിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിശീലനവും നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ സർക്കാരിന്റെ അനുമതിയോടെ നൈപുണി വികസനകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സംസ്ഥാന സാക്ഷരതാമിഷന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **263** * 12.3.2010 ൽ മറുപടിക്ക്

### റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ.കെ.കെ. ദിവാകരൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീമതി. കെ.കെ.ലതിക | ശ്രീ.പി.ജെ. ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രർത്തനം വിശദമാക്കുമോ; | (എ) 2001 ലെ കേരളാ റോഡ് ഫണ്ട് ആക്ട് പ്രകാരമാണ് കേരളാ റോഡ് ഫണ്ട് ബോർഡ് നിലവിൽ വന്നത്. ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധ - മായി ചേർക്കുന്നു. |
| (ബി) റോഡ് ഫണ്ടിലേക്ക് തുക ലഭിക്കുന്നത് ഏതെല്ലാം സ്രോതസ്സിലുടെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) മുൻ വർഷം മോട്ടോർ വാഹന നികുതിയിനത്തിൽ ലഭിക്കുന്ന തുകയുടെ 10% ആണ് കെ. ആർ.എഫ്.ബി യുടെ ഇപ്പോഴത്തെ മുഖ്യ വരുമാന സ്രോതസ്. മറ്റു വരുമാന സ്രോതസ് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുള്ള കുറിപ്പിൽ വിവരിച്ചിരിക്കുന്നു. |
| (സി) ബോർഡ് രൂപീകൃതമായതിന് ശേഷം വാഹന നികുതി വിഹിതം ഇനത്തിൽ എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട്.; | (സി) ബോർഡു രൂപീകൃതമായതിനുശേഷം വാഹന നികുതിയിനത്തിൽ 205 കോടി രൂപ ലഭ്യമായിട്ടുണ്ട്. |
| (ഡി) തല്സ്ഥാന റോഡ് വികസന പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ എത്രത്തോളം പൂർത്തിയായിട്ടുണ്ട്. | (ഡി) ഒന്നാം ഘട്ടത്തിലെ 14.265 കി.മീ. റോഡിന്റെയും പാളയത്തെ അണ്ടർ പാസ്സിന്റെയും നിർമ്മാണം പൂർത്തി യായിട്ടുണ്ട്. |

(ഇ) 2009-10 ൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

(ഇ) ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച റോഡുകളുടെ സംരക്ഷണ ജോലികൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. രണ്ടാംഘട്ട ജോലികൾ ധൃതഗതിയിൽ നടന്നുവരുന്നു. എൽ.എം.എസ് മുതൽ സ്റ്റുഡൻസ് സെന്റർ വരെയുള്ള 0.244 കി.മീ. റോഡ് പൂർത്തിയായിട്ടുണ്ട്. എൽ.എം.എസ് മുതൽ വി.ജെ.റ്റി. വരെ ഇരുവശങ്ങളിലേക്കും ഗതാഗതം സാദ്ധ്യമാക്കി. അടുത്ത മാസം ഗതാഗതത്തിന് തുറന്നു കൊടുക്കത്തക്കവിധം ബേക്കറി ജംഗ്ഷൻ ഫ്ളൈഓവർ നിർമ്മാണം പുരോഗമിക്കുന്നു. പട്ടം- കവടിയാർ റോഡിൽ മരപ്പാലം ജംഗ്ഷനിലെ പാലം പണി പൂർത്തിയാക്കി. പട്ടം - കവടിയാർ, വെള്ളയമ്പലം - ശാസ്തമംഗലം, കവടിയാർ -പേരൂർക്കട എന്നീ റോഡുകളുടെ പണി ഉടൻ തന്നെപൂർത്തിയാക്കുന്നതാണ്.

കോഴിക്കോട് നഗര വികസന പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ ജോലികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 264 — 12.3.2010 ൽ മറുപടിയ്ക്ക്

**നെൽ കർഷകർക്ക് 'ഗ്രീൻ കാർഡ്'**

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | : | ശ്രീ. മുല്ലക്കര രത്നാകരൻ |
| ശ്രീ. എം. ചന്ദ്രൻ | : | (കൃഷി വകുപ്പ് മന്ത്രി) |
| ശ്രീ. മുരളി പെരുനെല്ലി | : | |
| ശ്രീ. സി.കെ. പി. പത്മനാഭൻ | : | |
| ശ്രീ. സി.കെ. സദാശിവൻ | : | |

| | |
|---|---|
| (എ) നെൽകർഷകർക്ക് ഗ്രീൻ കാർഡ് നൽകുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ;<br><br>(ബി) ഗ്രീൻ കാർഡുമൂലം കർഷകർക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ; | (എ) & (ബി) പരമ്പരാഗത നെൽക്കൃഷി മേഖലയായ പാലക്കാട്, ആലപ്പുഴ, തൃശൂർ ജില്ലകളിലെ നെൽക്കൃഷി സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള നെൽകൃഷിക്ക് പലിശരഹിതവായ്പാ പദ്ധതിയിൽ ഗുണഭോക്താക്കളാകുന്ന നെൽകർഷകരുടെ കാർഷിക സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനാണ് ഉപഭോക്താക്കൾക്ക് ഗ്രീൻ കാർഡ് ലഭ്യമാക്കുന്നത്. കർഷകരുടെ കൈവശമുള്ള കൃഷിഭൂമിയുടെ വിശദാംശങ്ങൾ, ലഭ്യമായിട്ടുള്ള വിവിധ ആനുകൂല്യങ്ങൾ, വായ്പ എടുത്തതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയ ഗ്രീൻ കാർഡുകൾ കൈവശമുള്ള കർഷകർക്ക് ആനുകൂല്യങ്ങൾ, വായ്പ തുടങ്ങിയവ കഴിയുന്നത്ര വേഗത്തിൽ ലഭ്യമാക്കുന്നതിന് സഹായകരമാകും. നെൽകർഷകർക്കുള്ള ഗ്രീൻ കാർഡ് വിതരണം ചെയ്യുന്നതിനായി ഗ്രീൻ കാർഡ് ഉടമയായ നെൽകർഷകന് നെൽക്കൃഷിക്ക് പലിശരഹിതവായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും (സഹകരണ സ്ഥാപനങ്ങൾ) ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കും. കൃഷി വകുപ്പിൽ നിന്നും ലഭിക്കാനിടയുള്ള ഇതര സഹായങ്ങൾക്കും ഗ്രീൻ കാർഡുടമയായ കർഷകന് മുൻഗണനയുണ്ടായിരിക്കും. |

— —

| | |
|---|---|
| (സി) ഗ്രീൻ കാർഡ് നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ; | (സി) പരമ്പരാഗത നെൽകൃഷി മേഖലകളായ പാലക്കാട്, തൃശൂർ, ആലപ്പുഴ എന്നീ ജില്ലകളിലെ ചെറുകിട നാമാമാത്ര നെൽകർഷകരെയാണ് ഗ്രീൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള പദ്ധതി പ്രകാരം തിരഞ്ഞെടുത്തത്. |
| (ഡി) ഇതിനകം എത്ര കർഷകർക്ക് ഗ്രീൻ കാർഡ് വിതരണം ചെയ്തിട്ടുണ്ട് ; | (ഡി) ആലപ്പുഴ - 5849 കർഷകർക്ക്<br>തൃശൂർ - 3333 കർഷകർക്ക്<br>പാലക്കാട് - 9397 കർഷകർക്ക് |
| (ഇ) പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ ? | (ഇ) നിലവിൽ പാലക്കാട്, തൃശൂർ, ആലപ്പുഴ ജില്ലകളിലെ നെൽകർഷകർക്ക് കാർഡ് വിതരണം ചെയ്യുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഭാവിയിൽ പദ്ധതിയുടെ സ്വീകാര്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ ചെറുകിട-നാമമാത്ര നെൽകർഷകരെയും പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 265 — 12-03-2010-ൽ മറുപടിക്ക്

മാതൃകാ കോളേജുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കൃഷ്ണപ്രസാദ്:<br>" കെ.ടി.ജലീൽ:<br>" സി.എച്ച്.കുഞ്ഞമ്പു:<br>" എം.ഹംസ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് നാല് മാതൃകാ കോളേജുകൾ ആരംഭിക്കുന്നതിന് യു.ജി.സി. അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) സംസ്ഥാനത്ത് 4 മാതൃകാ കോളേജുകൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള കേന്ദ്രസർക്കാരിന്റെ പ്രൊപ്പോസൽ കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പിൽ നിന്നും ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 4 മാതൃകാ കോളേജുകൾ തുടങ്ങുന്നതിന് വേണ്ടിയുള്ള വിശദമായ പ്രോജക്ട് പ്രൊപ്പോസൽ യു.ജി.സി.ക്ക് നൽകിയിട്ടുമുണ്ട്. യു.ജി.സി.യിൽ നിന്ന് ഇത് സംബന്ധിച്ച് അനുമതിയൊന്നും ലഭിച്ചിട്ടില്ല. |
| ബി) ഏതെല്ലാം ജില്ലകളിലാണ് മാതൃകാ കോളേജുകൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളെയാണ് പ്രസ്തുത മാതൃകാ കോളേജുകൾ ആരംഭിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. |

| | |
|---|---|
| സി) ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | സി) കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ഓരോ മാതൃകാ കോളേജുകൾ തുടങ്ങുന്നതിനുവേണ്ടിയുള്ള വിശദമായ പ്രോജക്ട് പ്രൊപ്പോസൽ യു.ജി.സി.ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. എന്നീ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| ഡി) കോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്രസഹായമായി എത്രകോടി രൂപ ലഭിക്കുമെന്ന് അറിയിക്കുമോ; | ഡി) കേന്ദ്ര സർക്കാരിന്റെ പദ്ധതി പ്രകാരം ഒരു മാതൃകാ കോളേജ് സ്ഥാപിക്കുന്നതിന് ഏകദേശം 8 കോടി രൂപ ആവർത്തന രഹിത ചെലവായും, 1.5 കോടി രൂപ ആവർത്തന ചെലവായും വേണ്ടിവരും. കേന്ദ്ര സർക്കാർ യു.ജി.സി. വഴി നൽകുന്ന ധനസഹായം ആവർത്തനരഹിത ചെലവിന്റെ മൂന്നിലൊന്നായി നിജപ്പെടുത്തിയിരിക്കുന്നു. അതായത്, കേന്ദ്രസർക്കാർ ഒരു കോളേജിന് 2.67 കോടി രൂപ അനുവദിക്കുമ്പോൾ ബാക്കിവരുന്ന തുകയായ 5.33 കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. |
| ഇ) പ്രസ്തുത മാതൃകാ കോളേജുകളിൽ നിർദ്ദേശിച്ചിട്ടുള്ള മെച്ചപ്പെട്ട സൗകര്യങ്ങളും പഠനനിലവാരവും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | ഇ) ഇത് സംബന്ധിച്ച് വിശദമായ പ്രോജക്ട് പ്രൊപ്പോസൽ യു.ജി.സി.ക്ക് സമർപ്പിച്ചിരിക്കുകയാണ്. യു.ജി.സി.യിൽ നിന്ന് അനുമതി ലഭിച്ചാൽ മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 266 — 12.3.2010 - ൽ മറുപടിയ്ക്ക്

കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതു തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. അനിരുദ്ധൻ:<br>ശ്രീമതി. ഇ. എസ്. ബിജിമോൾ:<br>ശ്രീ. പള്ളിപ്രം ബാലൻ:<br>ശ്രീ. വി.എസ്. സുനിൽ കുമാർ: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) കാർഷികാവശ്യത്തിലേക്ക് കൃഷിക്കാർ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ്ജ് കൃഷി വകുപ്പിൽ നിന്നും നൽകുന്നുണ്ടോ; എങ്കിൽ ആയത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. ഓരോജില്ലയിലും കൃഷിഭവൻ മുഖേന വൈദ്യുതി ചാർജ്ജ് നൽകുന്നുണ്ട്. കൃഷി ഭവനിൽ ടി പദ്ധതിയിൽ ഗുണഭോക്താക്കളായ കർഷകർ ഉപയോഗിച്ച വൈദ്യുതിയുടെ ഇൻവോയിസ് ബന്ധപ്പെട്ട വൈദ്യുതി സെക്ഷൻ കൃഷി ഭവനിൽ നൽകുകയും ഇൻവോയിസ് പ്രകാരമുള്ള തുക കൃഷിഭവൻ മുഖേന ബന്ധപ്പെട്ട വൈദ്യുതി സെക്ഷനുകളിലൂടെ വൈദ്യുതി വകുപ്പിന്് നൽകുകയും ചെയ്യുന്നു. |
| (ബി) കൃഷി ആവശ്യത്തിലേക്ക് ജലസേചനം നടത്തിവരുന്ന മോട്ടോറുകളിലേക്കുള്ള വൈദ്യുതി കണക്ഷൻ, വൈദ്യുതി ചാർജ്ജ് കുടിശ്ശികയായതു നിമിത്തം വിച്ഛേദിക്കുന്നതായി സർക്കാരിന്് വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ദു:സ്ഥിതി പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. കുടിശ്ശിക നൽകുന്നതിനായി സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റ് മുഖേന 18.93 കോടി രൂപ അനുവദിക്കുകയും ആയത് ജില്ലകൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ വിച്ഛേദിച്ച കണക്ഷനുകൾ പുന:സ്ഥാപിച്ച് നൽകുവാൻ ബന്ധപ്പെട്ട വൈദ്യുതി സെക്ഷനുകൾക്ക് നിർദ്ദേശം നൽകുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) യഥാസമയത്ത് വൈദ്യുതി ചാർജ്ജ് അടയ്ക്കാതിരിക്കുന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ? | (സി) 2009 - 10 സാമ്പത്തിക വർഷം ടി പദ്ധതിക്ക് 22 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ആയത് കെ.എസ്.ഇ.ബി.ക്ക് ലഭ്യമാക്കുകയും ചെയ്തു. എന്നാൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുക ചേർത്ത് 18.93 കോടി രൂപ വൈദ്യുതി വകുപ്പിന് അധികമായി നൽകേണ്ടിവന്നതുകൊണ്ടാണ് ഈ സ്ഥിതിയുണ്ടായത്. ഈ തുക ഇപ്പോൾ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 267. 12/03/2010 - ൽ മറുപടിക്ക്

### കരിയർ ഗൈഡൻസ് കൗൺസിലിംഗ് കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി ശശികുമാർ<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. കെ.വി. അബ്ദുൾഖാദർ | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ കരിയർ ഗൈഡൻസ് കൗൺസിലിംഗ് കേന്ദ്രങ്ങൾ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇപ്പോൾ എത്ര സ്കൂളുകളിൽ പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) 773 സ്കൂളുകളിൽ |
| (സി) പ്രസ്തുത കേന്ദ്രങ്ങളിലെ അദ്ധ്യാപകർക്ക് കരിയർ ഗൈഡൻസ് കൗൺസിലിംഗിൽ പ്രത്യേക പരിശീലനം നൽകുന്നുണ്ടോ ; | (സി) കരിയർ ഗൈഡുകളായി നിയോഗിക്കപ്പെടുന്നഅദ്ധ്യാപകർക്കും ജില്ലാ കോർഡിനേറ്റർമാർക്കും പരിശീലനം നൽകുന്നുണ്ട്. |
| (ഡി) രക്ഷിതാക്കളെക്കൂടി പങ്കെടുപ്പിച്ചു കൊണ്ട് പ്രസ്തുത കേന്ദ്രങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ ; | (ഡി) ഇതു സംബന്ധിച്ച ശുപാർശകളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഇ)) 2009 - 10 വർഷം 20.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 268 — 12/03/2010 ൽ മറുപടിയ്ക്ക്

### സർവെ സ്കൂളുകളുടെയും സർവെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ:<br>ശ്രീ. ബി. രാഘവൻ:<br>ശ്രീ. വി. ശിവൻ കുട്ടി:<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീമതി. ജെ. അരുന്ധതി: | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സർവെ സ്കൂളുകളുടെയും സർവെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) സർവെ സ്കൂളുകളുടെ നവീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് പേരൂർക്കടയിൽ ആധുനിക സർവെ ഇൻസ്റ്റിറ്റ്യൂട്ടിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. **NLRMP Cell** സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് ശ്രമിച്ചു വരുന്നു. |
| (ബി) സർവെ നടത്തുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റു സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതനും നടപടി സ്വീകരിക്കുമോ; | (ബി) ആധുനിക സർവെ ഉപകരണങ്ങളായ ടോട്ടൽ സ്റ്റേഷൻ, ജി.പി. എസ്. മെഷീൻ എന്നിവ ഉപയോഗിച്ചാണ് ഇപ്പോൾ സർവെ നടത്തി വരുന്നത്. |
| (സി) സർവെയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് സംസ്ഥാനത്തിനകത്തും പുറത്തും പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | (സി) സർവെയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് സംസ്ഥാനത്തിനകത്ത് **ILDM** ൽ വച്ച് പരിശീലനം നൽകി വരുന്നു. പുതുതായി നിയമിക്കപ്പെട്ട 500 ഓളം സർവെയർമാർക്ക് തൃശൂരിലെ പോലീസ് അക്കാദമിയിൽ പരിശീലനം നൽകിയിരുന്നു. സംസ്ഥാനത്തിന് പുറത്ത് ഹൈദ്രാബാദിലെ സർവെ ഓഫ് ഇന്ത്യയുടെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് പരിശീലനങ്ങൾ നൽകി വരുന്നു. |
| (ഡി) ഭൂസർവ്വെ ജോലികൾ പൂർത്തിയാക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) ജീവനക്കാരുടെ കുറവ്, ആധുനിക സങ്കേതങ്ങളിൽ പരിശീലനത്തിന്റെ കുറവ്, മറ്റ് സർവെയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പുനർ വിന്യാസം തുടങ്ങിയവ സർവെ പൂർത്തിയാക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങളാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 269*</u>   <u>12.3.2010 ൽ മറുപടിക്ക്</u>

## റോഡിന് ഇരുവശവും നടപ്പാത നിർമ്മിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ :<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു :<br>ശ്രീ. എ. സി. മൊയ്തീൻ : | ശ്രീ. പി. ജെ. ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റോഡുകളുടെ ഇരുവശവും നടപ്പാത സജ്ജീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;<br><br>(ബി) റോഡ് നവീകരണ പദ്ധതികളിൽ നടപ്പാത നിർമ്മാണം കൂടി ഉൾപ്പെടുത്തുമോ ; | (എയും ബിയും)<br>പ്രധാന നഗരങ്ങളിലേയും മറ്റു പട്ടണങ്ങളിലേയും റോഡുകളോടനുബന്ധിച്ച് നിലവിൽ നടപ്പാതകൾ ഉണ്ട്. പുതുതായി ഏറ്റെടുക്കുന്ന നവീകരണ പദ്ധതികൾ നടപ്പാത നിർമ്മാണവും പരമാവധി ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന എല്ലാ റോഡ് പ്രോജക്ടുകളിലും നടപ്പാതയുടെ നിർമ്മാണം ഒരു അവശ്യ ഘടകമാണ്. |
| (സി) നടപ്പാതകളിലെ പൊട്ടിയ സ്ളാബുകൾ മാറ്റുന്ന പ്രവർത്തികൾ പൂർത്തിയായോ ; | (സി) പൂർത്തീകരിച്ചുവരുന്നു. |
| (ഡി) നടപ്പാത കയ്യേറിയുള്ള നിർമ്മാണവും വഴിയോര കച്ചവടവും തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചേർന്ന് കർശന നടപടി സ്വീകരിക്കുമോ ? | (ഡി) സ്വീകരിച്ചുവരുന്നു. |

(ഒപ്പ്)
സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 270 — 12-3-2010-ൽ മറുപടിയ്ക്ക്

## കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതു തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.ഉമ്മർ : | | ശ്രീ. മുല്ലക്കര രത്നാകരൻ (ബഹു.കൃഷി വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ഇതിൻെറ കാരണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന കാർഷിക പ്രശ്നങ്ങൾ, ഉയർന്ന ഉൽപ്പാദന ചെലവ്, അന്താരാഷ്ട്ര കരാറുകൾ നമ്മുടെ കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ, കൃഷി ഭൂമിക്കു മേൽ കച്ചവട താൽപര്യങ്ങൾ ചെലുത്തുന്ന സമ്മർദ്ദം എന്നിവയാണ് പ്രധാന കാരണങ്ങൾ. |
| ബി) | കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത് കർശനമായി തടയാനും വിളവുകൂടിയ വിത്തിനങ്ങൾ കണ്ടുപിടിച്ചു കൃഷി നടത്താനും നടപടി സ്വീകരിക്കുമോ ? | ബി) | പുതിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നെൽവയൽ ഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക സമിതി പഞ്ചായത്തു തലത്തിൽ രൂപീകരിച്ചിട്ടുമുണ്ട്.<br>കേരള കാർഷിക സർവ്വകലാശാലയും മറ്റു സ്ഥാപനങ്ങളും മികവിളകൾക്കും വിളവ് കൂടിയ വിത്തിനങ്ങൾ കണ്ടുപിടിക്കുകയും ആയത് കൃഷി വകുപ്പ് വഴി കർഷകർക്ക് ലഭ്യമാക്കിവരുകയും ചെയ്യുന്നുണ്ട് നിലവിലുള്ളതിലും കൂടുതൽ വിളവുതരുന്ന വിത്തിനങ്ങളും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാലയും മറ്റു ഗവേഷണ സ്ഥാപനങ്ങളും നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ